പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 622        09-07-2013-ൽ മറുപടിയ്ക്ക്

<u>രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും നടത്തുന്ന</u>

<u>കായിക/ആയുധ പരിശീലനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും സേനകൾ രൂപീകരിച്ച് കായിക/ആയുധ പരിശീലനങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളും സംഘടനകളും സേനകൾ രൂപീകരിച്ചു കായിക/ആയുധ പരിശീലനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ ചില സംഘടനകൾ യുവാക്കൾക്ക് വേണ്ടി കായിക പരിശീലനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം സേനകൾ ജനങ്ങളുടെ സമാധാന ജീവിതത്തിന് നേരെ ഉയർത്തുന്ന ഭീഷണിയെയും, സംസ്ഥാനത്തിന്റെ ക്രമസമാധാന നിലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെയും കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ചില മതമൗലികവാദ സംഘടനകളുടെ കായിക/ആയുധ പരിശീലനങ്ങൾ ലഭിച്ചവർ ചില കേസുകളിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ആൾക്കാരുടെ ഇടപെടൽ സംസ്ഥാനത്തിന്റെ ക്രമസമാധാന നിലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് വിലയിരുത്തുകയും ടി സംഘടനകളുടെയും പരിശീലനം ലഭിച്ച പ്രവർത്തകരുടെയും പ്രവർത്തനങ്ങൾ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം നിരന്തരമായി നിരീക്ഷിച്ചുവരികയും ചെയ്യുന്നു. |

(സി) സ്വകാര്യസേനകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും സമാധാന പൂർണ്ണമായ ജനജീവിതം ഉറപ്പു വരുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാനും പരിഹാരനടപടികൾ നിർ -ദ്ദേശിക്കാനുമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിക്കുന്ന കാര്യം പരിശോധിക്കുമോ?

(സി) സ്വകാര്യസേനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. എന്നാൽ ചില മതമൗലികവാദ സംഘടനകൾ അവരുടെ പ്രവർത്തകർക്ക് കായിക/ആയുധ പരിശീലനം നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഘടനകളെയും അവരുടെ പ്രവർത്തകരേയും സംസ്ഥാന രഹസ്യാന്വേഷണവിഭാഗം നിരന്തരം നിരീക്ഷിച്ചുവരികയും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനാൽ ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതത്തിന് തടസ്സം വരുന്ന സാഹചര്യം നിലവിലില്ല. അതിനാൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി ചർച്ചയുടെ ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ